# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/03/2024-EB(1)

തിരുവനന്തപുരം, തീയതി : 12.08.2024

website: www.cooperation.kerala.gov.in

e-mail: keralarcs.coop@kerala.gov.in

വിഷയം: സഹകരണ വകുപ്പ് – ജീവനക്കാര്യം – സഹകരണ സംഘം ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിന്നും ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം – സ്ഥലം മാറ്റം – സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുമതല കൈമാറുന്നതിനും, ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം : സ.ഉ. (സാധാ) നമ്പർ 398/2024/സഹ തീയതി: 09.08.2024

..........

മേൽ പരാമർശം പ്രകാരം ചുവടെ പേരു പറയുന്ന ക്രമ നമ്പർ (1) ഡെപ്യൂട്ടി രജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടറിനെ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് 95600-153200/- രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി നിയമിച്ചുകൊണ്ടും ക്രമ നമ്പർ (2) മുതൽ (3) വരെയുള്ള ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റം നൽകിയും സർക്കാർ ഉത്തരവായിട്ടുണ്ട്.

| ക്രമ നം | പേരും, നിലവിലുള്ള തസ്തികയും | സ്ഥലംമാറ്റം നൽകി നിയമിച്ച തസ്തിക |
|---|---|---|
| 1 | ശ്രീമതി. ബീന മാത്യു,<br>(PEN No. 183633)<br>ഡെപ്യൂട്ടി രജിസ്ട്രാർ/പ്രിൻസിപ്പാൾ,<br>സഹകരണ പരിശീലന കേന്ദ്രം,<br>കൊട്ടാരക്കര, കൊല്ലം. | ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി,<br>കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡ്, തിരുവനന്തപുരം. |
| 2 | ശ്രീ. ഇ. രാജേന്ദ്രൻ,<br>(PEN No. 312546)<br>ജോയിന്റ് രജിസ്ട്രാർ (ജനറൽ),<br>കണ്ണൂർ. | ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്),<br>കണ്ണൂർ. |

| | | |
|---|---|---|
| 3 | ശ്രീ. രാമകൃഷ്ണൻ. വി.,<br>(PEN No. 312937)<br>ജോയിന്റ് ഡയറക്ടർ (ഓഡിറ്റ് ),<br>കണ്ണൂർ. | ജോയിന്റ് രജിസ്ട്രാർ (ജനറൽ),<br>കണ്ണൂർ. |

മേൽ ഉദ്യോഗകയറ്റത്തോടനുബന്ധിച്ച് ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുക്കുന്നതിനും നിർദ്ദേശം നൽകി ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

| **ക്രമ നം** | **പേരും, നിലവിലുള്ള തസ്തികയും** | **നിലവിലുള്ള തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ഉദ്യോഗസ്ഥൻ** | **പുതിയ തസ്തികയുടെ ചുമതല നൽകേണ്ട ഓഫീസർ** |
|---|---|---|---|
| 1 | ശ്രീമതി. ബീന മാത്യു,<br>(PEN No. 183633)<br>ഡെപ്യൂട്ടി രജിസ്ട്രാർ/<br>പ്രിൻസിപ്പാൾ,<br>സഹകരണ പരിശീലന<br>കേന്ദ്രം, കൊട്ടാരക്കര,<br>കൊല്ലം. | അസിസ്റ്റന്റ് രജിസ്ട്രാർ<br>(ജനറൽ), കൊട്ടാരക്കര,<br>കൊല്ലം | ഡെപ്യൂട്ടി രജിസ്ട്രാർ<br>(ഭരണം),<br>ജോയിന്റ് രജിസ്ട്രാർ<br>(ജനറൽ) ഓഫീസ്,<br>തിരുവനന്തപുരം. |
| 2 | ശ്രീ. ഇ. രാജേന്ദ്രൻ,<br>(PEN No. 312546)<br>ജോയിന്റ് രജിസ്ട്രാർ (ജനറൽ),<br>കണ്ണൂർ. | ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം),<br>ജോയിന്റ് രജിസ്ട്രാർ (ജനറൽ)<br>ഓഫീസ്, കണ്ണൂർ. | രാമകൃഷ്ണൻ. വി |
| 3 | ശ്രീ. രാമകൃഷ്ണൻ. വി.,<br>(PEN No. 312937)<br>ജോയിന്റ് ഡയറക്ടർ<br>(ഓഡിറ്റ് ), കണ്ണൂർ. | ഇ. രാജേന്ദ്രൻ | ഡെപ്യൂട്ടി രജിസ്ട്രാർ<br>(ഭരണം),<br>ജോയിന്റ് രജിസ്ട്രാർ<br>(ജനറൽ) ഓഫീസ്,<br>കണ്ണൂർ. |

ഈ ഉത്തരവിന് അടിയന്തിര പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

ടി ഓഫീസർ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ ചുമതല അധിക ചുമതലയായി വഹിച്ചു വരുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനോടൊപ്പം കൈമാറേണ്ടതാണ്.

ബന്ധപ്പെട്ട ഓഫീസർ ചുമതല കൈമാറിയതിന്റെയും, ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ)

കേരള, തിരുവനന്തപുരം, ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് കൃത്യമായി അയയ്ക്കേണ്ടതാണ്.

(ഒപ്പ്)
സുഭാഷ്. ടി. വി. ഐ.എ.എസ്,
സഹകരണ സംഘം രജിസ്ട്രാർ.

വ്യക്തികൾക്ക്: (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)
പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്,
4) സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം,
5) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും,
6) എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും,
7) ബന്ധപ്പെട്ട ജില്ലാ ട്രഷറി ആഫീസർമാർക്ക്,
8) സ്റ്റോക്ക് ഫയൽ/സ്പെയർ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)